സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 04.05.2015.

നമ്പർ.എ.യൂ.സി.(2)27484/13/സാ.വി.ഡ.

# സർക്കുലർ

വിഷയം;-സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് - പി.റ്റി.എ./അലുമ്നി ഫണ്ട് വിനിയോഗം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന;- കേരള സർക്കാർ, ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പിന്റെ 11.03.2015-ലെ 21538/ജി2/13 കത്ത്.

** **

മേൽ സൂചന കത്ത് പ്രകാരം കേരള സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും പി.റ്റി.എ.ഫണ്ട്, അലുമ്നി ഫണ്ട് എന്നിവയുടെ വിനിയോഗത്തിൽ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1) പി.റ്റി.എ. ഫണ്ടുകൾ, അലുമ്നി അസോസിയേഷൻ ഫണ്ടുകൾ എന്നിവ പബ്ലിക് ഫണ്ടുകളാണ്. ആയതിനാൽ ഇത്തരം ഫണ്ടുകളുടെ വിനിയോഗം ഗവൺമെന്റ് ഫണ്ടിനു തുല്യമായി നടത്തേണ്ടതാണ്.

2) ഇത്തരം ഫണ്ടുകളിൽ നിന്നുള്ള പർച്ചേസുകൾക്കും സ്റ്റോർ പർച്ചേസ് റൂൾ ബാധകമായിരിക്കും.

3) പർച്ചേസ് ചെയ്യുന്നവ ''ഡേ'' ബുക്കിൽ രേഖപ്പെടുത്തി ജനറൽ സ്റ്റോക്ക് രജിസ്റ്ററിൽ എടുക്കേണ്ടതാണ്.

4) പി.റ്റി.എ./അലുമ്നി അസോസിയേഷനുകൾ എന്നിവയുടെ നിയന്ത്രണാധികാരം അതാത് സ്ഥാപന മേധാവികളിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

5) അസോസിയേഷനുകളുടെ സാമ്പത്തിക വിനിയോഗം വിദ്യാർത്ഥികളുടെയും സ്ഥാപനത്തിന്റെയും ഉയർച്ചയക്കുവേണ്ടിയാണെന്ന് സ്ഥാപന മേധാവി ഉറപ്പു വരുത്തേണ്ടതും എല്ലാ സാമ്പത്തിക ഇടപാടുകളും കൗണ്ടർസൈൻ ചെയ്യണ്ടേതുമാണ്.

6) പി.റ്റി.എ./അലുമ്നി അക്കൗണ്ടുകൾ ദേശസാൽകൃത ബാങ്കുകളിൽ ആയിരിക്കേണ്ടതാണ്. ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ ഉണ്ടായിരിക്കുവാൻ പാടില്ല.

7) പ്രസ്തുത ഫണ്ടുകളിൽ നിന്നും അഡ്വാൻസ് നൽകുമ്പോൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

8) അഡ്വാൻസുകൾ സ്വികരിക്കുന്ന ആളിൽ നിന്നും പ്രസ്തുത തുകയുടെ ആവശ്യം ഉറപ്പുവരുത്തേണ്ടതും തുക സ്വീകരിച്ച് മൂന്ന് മാസത്തിനുള്ളിൽ അവ ക്രമീകരിക്കേണ്ടതുമാണ്. അഡ്വാൻസ് ക്രമീകരിക്കുന്നതിനുള്ള കാലതാമസത്തിന് സർക്കാർ ഉത്തരവ് നമ്പർ.(പി)419/11/2011 തീയതി 04.10.2011 പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

9) പി.റ്റി.എ./അലുമ്നി ഫണ്ടുകളുടെ 25% കരുതൽ ധനമായി ദേശസാൽകൃത ബാങ്കിൽ നിക്ഷേപിക്കേണ്ടതും, ആവശ്യാനുസരണം സ്ഥാപനത്തിലെ വികസന പ്രവർത്തനമെന്ന രീതിയിൽ മഴവെള്ള സംഭരണികൾ, ടോയ്ലെറ്റുകൾ, അമിനിറ്റി സെന്ററുകൾ, ഭൗതിക സൗകര്യങ്ങൾ മുതലായവയുടെ നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിക്കേണ്ടതുമാണ്.

10) ഇത്തരം ഫണ്ടുകളിൽ നിന്നും നിർമ്മാണ പ്രവർത്തനം നടത്തുമ്പോൾ പി.ഡബ്ളിയു.ഡി.യുടെ എസ്റ്റിമേറ്റ് വാങ്ങേണ്ടതും അതേ മാതൃകയിൽ തന്നെ നിർമ്മാണം പൂർത്തിയാക്കേണ്ടതുമാണ്.

11) ഓരോ വർഷവും അധ്യായനം തുടങ്ങുന്നതിന് മുമ്പായി വാർഷിക ബഡ്ജറ്റ് തയ്യാറാക്കി ചിലവുകൾ ക്രമീകരിക്കേണ്ടതുമാണ്.

12) ഫണ്ടുകളുടെ വിനിയോഗം പൂർണ്ണമായും വിദ്യാർത്ഥികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായിരിക്കേണ്ടതാണ്. ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക, വിദ്യാർത്ഥികളുടെ കലാകായിക പ്രവർത്തനങ്ങൾക്ക് തിരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റിന് സഹായം നൽകുക എന്നീ പ്രവർത്തനങ്ങൾക്കും ഫണ്ട് ഉപയോഗിക്കാവുന്നതാണ്. ആർഭാടങ്ങൾ, ആഘോഷങ്ങൾ എന്നിവയിൻമേലുള്ള ചെലവുകൾ പരമാവധി കുറയ്ക്കേണ്ടതാണ്.

13) ഓരോ വർഷത്തെയും പ്രവർത്തന റിപ്പോർട്ടും വരവ് ചെലവുകളും പൊതുരേഖയായി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ലഭ്യമാകുന്ന തരത്തിൽ സുതാര്യമായിരിക്കേണ്ടതാണ്.

14) പി റ്റി എ ഫണ്ടിലേയ്ക്ക് ഗവൺമെന്റ് അംഗീകരിച്ച തുക മാത്രമേ സ്വീകരിക്കാൻ പാടുള്ളൂ.

15) <u>പിറ്റിഎ/അലുമ്നി അസോസിഷേനുകളുടെ വരവ് ചെലവുകൾ അതാത് വർഷം ഏപ്രിൽ 15-ന് മുമ്പായി സ്ഥാപന തലത്തിൽ ആഡിറ്റ് നടത്തി, സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ടതും അവയിൻമേൽ വകുപ്പുതല ആഡിറ്റ് നടത്തേണ്ടതുമാണ്.</u>

16) ക്രിമിനൽ പശ്ചാത്തലമുള്ളവരും സാമ്പത്തിക തിരിമറി നടത്തിയെന്ന് ആരോപണമുള്ളവരും ഇത്തരം അസോസിഷേനുകളുടെ ഔദ്യോഗിക ഭാരവാഹിത്വത്തിലേയ്ക്ക് തെരഞ്ഞെടുക്കുവാൻ യോഗ്യരല്ല.

17) പി.ടി.എ /അലുമ്നി ഫണ്ടുകളുടെ വിനിയോഗത്തിൽ ക്രമക്കേടുകൾ നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

18) കോഴ്സ് കഴിഞ്ഞ് പോകുന്ന വിദ്യാർത്ഥികൾ പൂർവ്വ വിദ്യാർത്ഥി സംഘടനയിലേയ്ക്ക് നൽകുന്ന സംഭാവന/മെമ്പർഷിപ്പ് കോഷൻ ഡിപ്പോസിറ്റിൽ നിന്നാണെങ്കിൽ, അത് സ്വമേധയാണ് നൽകുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്. തുകയുടെ രസീത് നൽകേണ്ടതാണ്.

(ഒപ്പ്)
**ഡോ. കെ. വിജയകുമാർ**
**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ**

<u>പകർപ്പ്</u>

1) കൺട്രോളിംഗ് ഓഫീസേഴ്സ്, ഡിറ്റിഇ.
2) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും
3) ഓഫീസ് കോപ്പി
4) സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്**

സൂപ്രണ്ട്

എസ്.04.06.2015.